**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവകലാശാല - സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) -2023 - 2024 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പ് -നാലാം ഗഡു തുക - താത്കാലിക മുൻകൂർ തുക അനുവദിച്ചത് ക്രമീകരിക്കുന്നത് സംബന്ധിച്ച് - 21.02.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 93 /25 .02 /34277 /AD A9-2 /2024 തീരുമാനം-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 9 സെക്ഷൻ**

നമ്പർ. 2372/AD A 9/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.03.2025

---

*പരാമർശം:*-1.സർവകലാശാല ഉത്തരവ് നമ്പർ 2704/AD A 9/2024/MGU തീയതി 25.03.2024

2. സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ് 12 .08 .2024 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

3. 21.02.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 93/25.02 /34277 /AD A9-3 /2024

**ഉത്തരവ്**

2023 - 2024 ലെ അന്തർ കലാലയ / സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പ് ചെലവിലേയ്ക്കായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി നാലാം ഗഡു തുകയായ ₹ 30,00,000/- രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു

ടി തുകയുടെ ക്രമീകരണത്തിനായി സമർപ്പിച്ച ബില്ലുകളും വൗച്ചറുകളും പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് വിശദീകരണം സഹിതം ബില്ലുകളും വൗച്ചറുകളും, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസ് (SPESS) ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് പരാമർശം (2 ) പ്രകാരം പുനഃ സമർപ്പിച്ചിരുന്നു

ടി അപേക്ഷയിന്മേൽ തീരുമാനം കൈകൊള്ളുന്നതിനായി, വൈസ് ചാൻസിലറുടെ 17.12.2024 തീയതിയിലെ ഉത്തരവിൻ പ്രകാരം ടി വിഷയം, സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, 21.02.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം താഴെ വിവരിക്കും പ്രകാരം തീരുമാനിക്കുകയും ചെയ്തു.

Draft #5 of File 34277/AD A9-2/2024/AD A 9 Approved by ASSISTANT REGISTRAR II (ADMIN) on 13-Mar-2025 02:49 PM - Page 1

1. സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് വകുപ്പിലെ 2023-24 അന്തർ കലാലയ / സർവകലാശാല കായിക മത്സരങ്ങൾ (നാലാം ഗഡു ) നടത്തിയ വകയിൽ ആകെ ചെലവഴിച്ച തുകയായ ₹30,07,855 /- (മുപ്പത് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം അംഗീകരിക്കുന്നതിനും,

2. അധികരിച്ച് ചെലവഴിച്ച ₹ 7,855/- (ഏഴായിരത്തി എണ്ണൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം) ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ തിരികെ അനുവദിച്ച് നൽകുന്നതിനും,

3. പരാമർശം (1) പ്രകാരം SPESS ഡയറക്ടർ ഡോ ബിനു ജോർജ് വർഗീസ് -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച ₹ 30,00,000/ - (മുപ്പത് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 401 58 - Inter Collegiate Inter University Tournament എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷൈലജ ടി കെ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്, ഡയറക്ടർ, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ്(SPESS)
2. എ.ഒ, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ്
3. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ
5. ഓഡിറ്റ് I,IV,V,എഡി. സി IV,V /ഡി.ആർ(പി&ഡി)/പി&ഡി II/എഫ്.സി.സി
6. എഡി.ഡി/എഡി.എ II/എഡി.എ VII/എഡി.എ 5/എസിസി1
7. ഐ.ക്യൂ.എ.സി., പി ആർ ഒ/ജനറൽ ക്യാഷ് /റെക്കോർഡ്സ് സെക്ഷൻ /ഫയൽ കോപ്പി.
8. ജെ.ഡി, കെ.എസ്.എ.ഡി/അക്കൗണ്ട്സ് 3
9. ഐ ടി സെൽ 1 & 2, സർവകലാശാല വെബ്സൈറ്റ്, ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

Draft #5 of File 34277/AD A9-2/2024/AD A 9 Approved by ASSISTANT REGISTRAR II (ADMIN) on 13-Mar-2025 02:49 PM - Page 2